LIBRARY ARCHIVES Kerala Legislative Assembly

(ബി) പരീക്ഷാഭവനിലെത്തുന്ന അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കാൻ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സേവനാവകാശ നിയമപ്രകാരം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തിരുത്തലുകൾക്കും ഡ്യൂപ്ലിക്കേറ്റിനും 2001-ന് ശേഷമുള്ളവയ്ക്ക് 60 ദിവസവും 2001-ന് മുമ്പുള്ളവയ്ക്ക് 90 ദിവസവുമാണ് സമയപരിധി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ നിശ്ചിത കാലപരിധി കണക്കിലെടുക്കാതെ അപേക്ഷകന്റെ അടിയന്തര ആവശ്യം പരിഗണിച്ച് അപേക്ഷ ലഭിച്ചാലുടൻതന്നെ തീർപ്പ് കൽപ്പിച്ച് നൽകിവരുന്നു. അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിലേയ്ക്കായി PBMS എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഫയൽ നീക്കം നടത്തുന്നത്. കൂടാതെ ഫയൽ നീക്കം വേഗത്തിൽ ആക്കുന്നതിലേയ്ക്കായി പരീക്ഷാ ഭവനിൽ ലഭിക്കുന്ന അപേക്ഷകൾ PBMS എന്ന സോഫ്റ്റ്‌വെയർ മുഖേന ബന്ധപ്പെട്ട സെക്ഷനുകളിൽ തുല്യവിതരണം നടത്തി വരുന്നു.

(സി) സർട്ടിഫിക്കറ്റ് രജിസ്റ്ററും മറ്റ് രേഖകളും നാശനഷ്ടം കൂടാതെ സൂക്ഷിക്കുന്നതിനും അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും ഉതകുന്നതരത്തിൽ അവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ആവശ്യമായ നടപടി സ്വീകരിക്കുമോ?

2001-ന് മുൻപുള്ള സർട്ടിഫിക്കറ്റ് വിവരങ്ങളും മറ്റ് രേഖകളും നാശനഷ്ടം കൂടാതെ സൂക്ഷിക്കുന്നതിനായി ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾ പരിഗണനയിലാണ്.

**ഉപരിപഠനത്തിന് അർഹത നേടിയ കുട്ടികൾ**

218(4228) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടിയ കുട്ടികളുടെയും ഉപരി പഠനത്തിനുള്ള സീറ്റുകളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടിയ കുട്ടികളുടേയും ഉപരിപഠനത്തിനുള്ള സീറ്റുകളുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.